**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5957** **19.11.2019 ൽ മറുപടിയ്ക്ക്**

**കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. റ്റി. വി. രാജേഷ്** | | **ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| | പുനരുപയോഗ ഊർജ്ജ സ്രോതസ്സായ കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വൈദ്യുതി ബോർഡ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | | നമ്മുടെ സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുക എന്നത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ചെലവേറിയതും ശ്രമകരവുമാണ്. ജനസാന്ദ്രതയേറിയതും ഫലഭൂയിഷ്ഠവുമായ ഭൂപ്രദേശമായ കേരള സംസ്ഥാനത്ത് ഇത്തരം പദ്ധതികൾക്ക് അനുയോജ്യമായ തരിശുഭൂമി ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാകാനുള്ള ബുദ്ധിമുട്ടാണ് ഇതിലെ പ്രധാന പരിമിതി. കാറ്റിൽ നിന്നുള്ള പദ്ധതികൾക്ക് അനുയോജ്യമായ കാറ്റിന്റെ ലഭ്യതയുള്ളത് കേരളത്തിൽ ഇടുക്കി, പാലക്കാട് ജില്ലകളിൽ മാത്രമാണ്. അതുകൊണ്ട് ഈ ജില്ലകളിൽ കേന്ദ്രീകൃതമായാണ് കാറ്റിൽ നിന്നുള്ള വൈദ്യുതി നിലയങ്ങൾ സ്ഥാപിതമാകുന്നത്. സംസ്ഥാനത്ത് 70.25 മെഗാവാട്ട് ശേഷിയുള്ള പദ്ധതികൾ നിലവിലുണ്ട്.<br>കൂടാതെ സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള റീ ടെൻഡർ നടപടികൾ എൻ.എച്ച്.പി.സി സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ സ്വകാര്യ സംരംഭകരായ രാമക്കൽമേട് പ്രൈവറ്റ് ലിമിറ്റഡ് – 2 മെഗാവാട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. സ്വകാര്യ സംരംഭകർ വഴി കാറ്റിൽ നിന്നും കെ.എസ്.ഇ.ബി.എൽ റിവേഴ്സ് ടെൻഡർ വിളിച്ച് 200 മെഗാവാട്ടിന്റെ വരെ വൈദ്യുതി വാങ്ങാനും ലക്ഷ്യമിടുന്നു. |

**സെക്ഷൻ ഓഫീസർ**